# വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് - ഗ്രാമസഭകൾ

**16-09-2009 മുതൽ 25-09-2009 വരെ**

| വാർഡ് | ഗ്രാമസഭ നടക്കുന്ന സ്ഥലം | തിയ്യതി | സമയം |
|---|---|---|---|
| I | കദീജുമ്മ മെമ്മോറിയൽ സ്കൂൾ | 18-09-2009 | 02:00 PM |
| II | കടപ്പുറം എൽ.പി സ്കൂൾ | 19-09-2009 | 10:00 AM |
| III | SMUPS ഗണേശമംഗലം | 19-09-2009 | 02:00 PM |
| IV | ശ്രീശൈലം ഹാൾ | 16-09-2009 | 10:00 AM |
| V | ശ്രീവിദ്യാ പോഷിണി എൽ.പി. സ്കൂൾ, തൃത്തല്ലൂർ | 19-09-2009 | 02:00 PM |
| VI | ശ്രീശൈലം ഹാൾ | 16-09-2009 | 02:00 PM |
| VII | SMUPS ഗണേശമംഗലം | 19-09-2009 | 10:00 AM |
| VIII | ബോധാനന്ദ വിലാസം സ്കൂൾ, നടുവിൽക്കര | 19-09-2009 | 02:00 PM |
| IX | ബോധാനന്ദ വിലാസം സ്കൂൾ, നടുവിൽക്കര | 19-09-2009 | 10:00 AM |
| X | ഈസ്റ്റ് എൽ. പി സ്കൂൾ വാടാനപ്പള്ളി | 19-09-2009 | 02:00 PM |
| XI | വ്യാപാര ഭവൻ | 18-09-2009 | 02:00 PM |
| XII | ഷഹനാസ് പാലസ് | 25-09-2009 | 10:00 AM |
| XIII | അൽനൂർ ITC, വാടാനപ്പള്ളി | 19-09-2009 | 10:00 AM |
| XIV | ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, വാടാനപ്പള്ളി | 25-09-2009 | 02:00 PM |
| XV | GFUPS വാടാനപ്പള്ളി | 19-09-2009 | 02:00 PM |
| XVI | GFUPS വാടാനപ്പള്ളി | 19-09-2009 | 10:00 AM |
| XVII | നൂറുൽ ഇസ്ലാം മദ്രസ്സ വാടാനപ്പള്ളി | 17-09-2009 | 10:00 AM |

പൊതുവിഭാഗം

### ജനകീയാസൂത്രണം 2009-2010

# വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്

മാന്യരെ,

വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2009-10 വാർഷിക പദ്ധതിയിലുൾപ്പെട്ട വിവിധ വ്യക്തിഗത/കുടുംബഗത/സ്ഥാപന പ്രോജക്ടുകളുടെ ആനുകൂല്യങ്ങൾക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. **അപേക്ഷാഫാറങ്ങൾ ഗ്രാമസഭകൾ മുഖേന സൗജന്യമായി ലഭിക്കുന്നതാണ്.** പൂർണ്ണമായും പൂരിപ്പിച്ച അപേക്ഷകൾ **2009 ഒക്ടോബർ 5-ാം തിയ്യതി വൈകീട്ട് 3 മണിക്ക്** മുമ്പായി വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ സമർപ്പിച്ച് കൈപ്പറ്റ് രസീതി വാങ്ങിക്കേണ്ടതാണ്. തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ടുകൾക്ക് അപേക്ഷിക്കുന്നവർ അപേക്ഷാ ഫോറത്തിൽ അപേക്ഷിക്കുന്ന പദ്ധതിയുടെ പേരിന്റെ കൂടെ ബ്ലോക്ക് പഞ്ചായത്ത് എന്നുകൂടി ചേർക്കേണ്ടതാണ്

ഒരേ ആവശ്യത്തിന് ഒന്നിൽ കൂടുതൽ പേർ ഒരു കുടുംബത്തിൽ നിന്ന് അപേക്ഷിക്കാൻ പാടില്ല. . ഓരോ പ്രോജക്ടിനും പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

. *അവസാന തിയ്യതിക്ക് കാത്തിരിക്കാതെ വേഗം തന്നെ പൂരിപ്പിച്ച അപേക്ഷകൾ സമർപ്പിക്കൂ!*

**കെട്ടിടനികുതി ഉണ്ടെങ്കിൽ 2009-10 ലെ കെട്ടിടനികുതി അടച്ചതിന് ശേഷം മാത്രമേ അപേക്ഷ പരിഗണിക്കുകയുള്ളൂ.**

## ഗുണഭോക്താക്കളുടെ പേരിൽ അനുവദിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് പ്രതിപാദിക്കുന്ന പട്ടിക

| *അപേക്ഷിക്കുന്ന ഇനം* | *പ്രധാന നിബന്ധനകൾ/അർഹതാ മാനദണ്ഡങ്ങൾ* |
|---|---|
| 1. ആശ്രയ ഗുണഭോക്താവിന് വീട് | അഗതി-ആശ്രയ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം.<br>വീട് പണി 2010 മാർച്ചിന് മുമ്പ് പൂർത്തീകരിക്കണം. |
| 2. ഇ.എം.എസ്. ഭവന പരിപാടി | 1. സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം.<br>2. തറ വിസ്തൃതി കുറഞ്ഞത് 25 ച.മീറ്ററും കൂടിയത് 40 ച.മീറ്ററും ആകാവൂ<br>3. മേൽക്കൂര മഴവെള്ള സംഭരണം , ടോയ്‌ലറ്റ്, സോക്ക്പിറ്റ് കക്കൂസ്, മലിനജലം ഒഴുകുന്നതിന് സൗകര്യം, പുകയില്ലാത്ത അടുപ്പുകൾ മുതലായവ ഭവന നിർമ്മാണത്തിന്റെ അവിഭാജ്യഘടകങ്ങളായിരിക്കുന്നതാണ്.<br>4. പഞ്ചായത്തിൽ നിന്ന് ബിൽഡിംഗ് പെർമിറ്റ് സമ്പാദിക്കേണ്ടതാണ്. |
| 3. കുടിവെള്ളം ഹൗസ് കണക്ഷൻ | 1. ദാരിദ്ര്യരേഖക്ക് താഴെയായിരിക്കണം.<br>2. പൊതു പൈപ്പ് ലൈനിൽ നിന്ന് വീട്ടിലേക്കുള്ള ദൂരം 30 മീറ്ററിനുള്ളിൽ കവിയരുത്.<br>3. ദലിത് കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നു. |
| 4. സ്കൂൾ കുട്ടികൾക്ക് പച്ചക്കറി കിറ്റ് | സ്കൂളുകൾ മുഖേന വിദ്യാർത്ഥികളുടെ കാർഷിക ക്ലബ്ബുകൾക്ക് വിതരണം ചെയ്യുന്നു |
| 5. കന്നുകുട്ടി പരിപാലന പദ്ധതി | 1. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് മുൻഗണന<br>2. യൂണിറ്റ് കോസ്റ്റ് ജില്ലാ തല ടി.എ.ജി. നിശ്ചയിക്കുന്നു.<br>3. ഗുണഭോക്തൃവിഹിതം 7500 രൂപ |
| 6. മത്സ്യത്തൊഴിലാളികൾക്ക് തൊഴിലുപകരണങ്ങൾ | 1. വള്ളം സ്വന്തമായുള്ള ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബത്തിലെ മത്സ്യത്തൊഴിലാളികളും മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളും<br>2. മൂന്ന് വർഷത്തിനുള്ളിൽ ഒരിക്കൽ മാത്രം<br>3. മത്സ്യഫെഡിന്റെ വ്യാസ സ്റ്റോറിൽ നിന്നും വാങ്ങണം.<br>4. വലയുടെ വിലയേറിയ 2500 രൂപയോ ഏതാണോ കുറവ് അത് (ഒരു വ്യക്തിക്ക്)<br>5. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുണ്ടായിരിക്കണം. |

തുടർച്ച പേജ് 2 ൽ

SECRETARY
VATANAPALLY GRAMA PANCHAYAT

| അപേക്ഷിക്കാവുന്ന ഇനം | പ്രധാന മുൻഗണനാ/അർഹതാ മാനദണ്ഡങ്ങൾ |
|---|---|
| 7. വൃദ്ധർക്ക് ആയുർവ്വേദ മരുന്ന് | 1. ദാരിദ്ര്യരേഖക്ക് താഴെയുള്ള വൃദ്ധർക്ക്<br>2. താഴ്ന്ന - ഇടത്തരം കുടുംബങ്ങളിലെ വൃദ്ധർക്ക് മുൻഗണന<br>3. 60 വയസ്സ് കഴിഞ്ഞിരിക്കണം |
| 8. പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റിന് മരുന്ന് | 1. മാരകരോഗം പിടിപെട്ടവർക്ക് (പ്രധാനമായും കാൻസർ രോഗികൾക്ക്)<br>2. സി.എച്ച്.സി.യിലെ പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റിലെ പരിശോധന റിപ്പോർട്ട് പ്രകാരം |
| 9. ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം | രജിസ്റ്റർ ചെയ്ത് നിലവിൽ രജിസ്ട്രേഷൻ പുതുക്കി വരുന്ന ക്ലബ്ബുകൾക്ക് |
| 10. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1. എ.പി.എൽ/ബി.പി.എൽ വേർതിരിവില്ലാതെ സഹായം നൽകുന്നു.<br>2. ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസറുടെ പക്കൽ നിന്ന് ഹാജരാക്കണം<br>3. സ്കൂൾ അധികൃതരുടെ സർട്ടിഫിക്കറ്റ്<br>4. പഠിക്കുന്ന സ്കൂളുകളുടെ അപേക്ഷയും ഹാജരാക്കണം. |
| **തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ടുകൾ** | |
| 1. ഐ.എ.വൈ. വീട് | ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം<br>ബ്ലോക്ക് മുഖാന്തിരം നിർവ്വഹണം നടത്തുന്നു.<br>പഞ്ചായത്തിൽ നിന്ന് ബിൽഡിംഗ് പെർമിറ്റ് വാങ്ങിക്കേണ്ടതാണ്. |
| 2. ചകിരിച്ചോർ കമ്പോസ്റ്റ് നിർമ്മാണം | ചകിരിച്ചോർ കമ്പോസ്റ്റുണ്ടാക്കുവാൻ തയ്യാറുള്ള കേരകർഷകർക്ക്<br>50% ഗുണഭോക്തൃ വിഹിതം അടയ്ക്കണം. |
| 3. മത്സ്യത്തൊഴിലാളി ഫ്ലക്സ് വല | പരമ്പരാഗത മത്സ്യത്തൊഴിലാളികളും ക്ഷേമനിധിയിൽ അംഗത്വമുള്ളവരുമായ<br>20 പേർ അടങ്ങുന്ന ഗ്രൂപ്പ് - 4 ഗ്രൂപ്പ് |

OFFICE OF THE VATANAPALLY GRAMA PANCHAYAT
* THRISSUR-680 614 *

SECRETARY
VATANAPALLY GRAMA PANCHAYAT

**പട്ടികജാതി വിഭാഗക്കാർക്ക് മാത്രം**

### ജനകീയാസൂത്രണം 2009–2010

# വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്

മാന്യരെ,

വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2009-10 വാർഷിക പദ്ധതിയിലുൾപ്പെട്ട വിവിധ വ്യക്തിഗത/കുടുംബഗത/സ്ഥാപന പ്രോജക്ടുകളുടെ ആനുകൂല്യങ്ങൾക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. **അപേക്ഷാഫാറങ്ങൾ ഗ്രാമസഭകൾ മുഖേന സൗജന്യമായി ലഭിക്കുന്നതാണ്.** പൂർണ്ണമായും പൂരിപ്പിച്ച അപേക്ഷകൾ **2009 ഒക്ടോബർ 5-ാം തിയ്യതി വൈകീട്ട് 3 മണിക്ക്** മുമ്പായി വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ സമർപ്പിച്ച് കൈപ്പറ്റ് രശീതി വാങ്ങിക്കേണ്ടതാണ്. തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ ജില്ലാ പഞ്ചായത്ത്, പട്ടികജാതി വികസനവകുപ്പ് എന്നീ സ്ഥാപനങ്ങളുടെ പ്രൊജക്ടുകൾക്ക് അപേക്ഷിക്കുന്നവർ അപേക്ഷാ ഫോറത്തിൽ അപേക്ഷിക്കുന്ന പദ്ധതിയുടെ പേരിന്റെ കൂടെ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, പട്ടികജാതി വികസന വകുപ്പ് എന്നുകൂടി ചേർക്കേണ്ടതാണ്

ഒരേ ആവശ്യത്തിന് ഒന്നിൽ കൂടുതൽ പേർ ഒരു കുടുംബത്തിൽ നിന്ന് അപേക്ഷിക്കാൻ പാടില്ല. ഓരോ പ്രോജക്ടിനും പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

***അവസാന തിയ്യതിക്ക് കാത്തിരിക്കാതെ വേഗം തന്നെ പൂരിപ്പിച്ച അപേക്ഷകൾ സമർപ്പിക്കൂ!***

**കെട്ടിടനികുതി ഉണ്ടെങ്കിൽ 2009-10 ലെ കെട്ടിടനികുതി അടച്ചതിന് ശേഷം മാത്രമേ അപേക്ഷ പരിഗണിക്കുകയുള്ളൂ.**

## ഗുണഭോക്താക്കളുടെ പേരിൽ അനുവദിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് പ്രതിപാദിക്കുന്ന പട്ടിക

| *അപേക്ഷിക്കുന്ന ഇനം* | *പ്രധാന മുൻഗണനാ/അർഹതാ മാനദണ്ഡങ്ങൾ* |
|---|---|
| 1. ഇ.എം.എസ്. ഭവന പരിപാടി | 1. സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം.<br>2. തറ വിസ്തൃതി കുറഞ്ഞത് 25 ച.മീറ്ററും കൂടിയത് 40 ച.മീറ്ററും ആകാവൂ<br>3. മേൽക്കൂര മഴവെള്ള സംഭരണം, ടോയ്ലറ്റ്, സോക്പിറ്റ് കക്കൂസ്, മലിനജലം ഒഴുകുന്നതിന് സൗകര്യം, പുകയില്ലാത്ത അടുപ്പുകൾ മുതലായവ ഭവന നിർമ്മാണത്തിന്റെ അവിഭാജ്യഘടകങ്ങളായിരിക്കുന്നതാണ്.<br>4. പഞ്ചായത്തിൽ നിന്ന് ബിൽഡിംഗ് പെർമിറ്റ് സമ്പാദിക്കേണ്ടതാണ്. |
| 2. കുടിവെള്ളം ഹൗസ് കണക്ഷൻ | 1. ദാരിദ്ര്യരേഖക്ക് താഴെയായിരിക്കണം.<br>2. പൊതു പൈപ്പ് ലൈനിൽ നിന്ന് വീട്ടിലേക്കുള്ള ദൂരം 30 മീറ്ററിനുള്ളിൽ കവിയരുത്.<br>3. അഗതി കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നു. |
| 3. ആശ്രയ ഗുണഭോക്താവിന് വീട് | അഗതി-ആശ്രയ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം.<br>വീട് പണി 2010 മാർച്ചിന് മുമ്പ് പൂർത്തീകരിക്കണം. |
| 4. മത്സ്യതൊഴിലാളികൾക്ക് തൊഴിലുപകരണങ്ങൾ | 1. വള്ളം സ്വന്തമായുള്ള ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബത്തിലെ മത്സ്യതൊഴിലാളികളും മത്സ്യതൊഴിലാളി ഗ്രൂപ്പുകളും<br>2. മൂന്ന് വർഷത്തിനുള്ളിൽ ഒരിക്കൽ മാത്രം<br>3. മത്സ്യഫെഡിന്റെ വ്യാസ സ്റ്റോറിൽ നിന്നും വാങ്ങണം.<br>4. വലയുടെ വിലയേറിയ 2500 രൂപയോ ഏതാണോ കുറവ് അത് (ഒരു വ്യക്തിക്ക്)<br>5. മത്സ്യതൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുണ്ടായിരിക്കണം. |
| 5. പട്ടികജാതി വനിത സ്വാശ്രയ സംഘത്തിന് തരിശുഭൂമി കൃഷിഭൂമി ആരംഭിക്കുന്നതിനുള്ള പദ്ധതി ധനസഹായം | 1. സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം നൽകുന്നു.<br>2. ഒരു ഹെക്ടറിന് പരമാവധി 2500 രൂ ധനസഹായം. ഇതിൽ വിള, ഇൻഷുറൻസ് പ്രീമിയം, കൃഷി ചെലവ് എന്നിവ ഉൾപ്പെടുന്നു.<br>3. തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പ്രദേശങ്ങളിലെ ഭൂവികസന പ്രവർത്തനങ്ങൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻപ്ലാനിൽ ഉൾപ്പെട്ടതായിരിക്കരുത്.<br>4. നടീലിന് / വിതയ്ക്ക് ശേഷം തുക അനുവദിക്കുന്നു. |

തുടർച്ച പേജ് 2 ൽ

SECRETARY
VATANAPALLY GRAMA PANCHAYAT

**പട്ടികജാതി വിഭാഗക്കാർക്ക് മാത്രം**

| അപേക്ഷിക്കുന്ന ഇനം | പ്രധാന മുൻഗണനാ/അർഹതാ മാനദണ്ഡങ്ങൾ |
| --- | --- |
| | 5. കൃഷി ചെലവിന് കൃഷി വകുപ്പിന്റെ മറ്റ് ഏജൻസികളുടെ ധനസഹായം ലഭിക്കുന്നവർക്ക് പഞ്ചായത്തിന്റെ ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല |
| 6. പട്ടികജാതി മത്സ്യത്തൊഴിലാളികൾക്ക് തൊഴിലുപകരണങ്ങൾ | 1. ദാരിദ്ര്യരേഖക്ക് താഴെയുള്ള മത്സ്യത്തൊഴിലാളിയായിരിക്കണം.<br>2. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം ഉണ്ടായിരിക്കണം.<br>3. പരമാവധി സബ്സിഡി 50% മാത്രം ലഭിക്കുന്നു<br>4. 50% തുക ഗുണഭോക്താവ് വഹിക്കേണ്ടതാണ്. |
| 7. എസ്.സി. വനിതകൾക്ക് കോഴിയും കോഴിക്കൂടും | 1. ദാരിദ്ര്യരേഖക്ക് താഴെയായിരിക്കണം.<br>2. എസ്.ജി.എസ്.വൈ. നിബന്ധനപ്രകാരം സബ്സിഡി നൽകുന്നു |
| 8. വൃദ്ധർക്ക് ആയുർവ്വേദ മരുന്ന് | 1. ദാരിദ്ര്യരേഖക്ക് താഴെയുള്ള വൃദ്ധർക്ക്<br>2. ജാതി - ആശ്രയ കുടുംബങ്ങളിലെ വൃദ്ധർക്ക് മുൻഗണന<br>3. 60 വയസ് കഴിഞ്ഞിരിക്കണം. |
| 9. പട്ടികജാതി വനിതകൾക്ക് വിവാഹധനസഹായം **(രക്ഷിതാക്കൾ അപേക്ഷിക്കണം)** | ദാരിദ്ര്യരേഖക്ക് താഴെയായിരിക്കണം. കുടുംബങ്ങളിലെ വനിതകളുടെ വിവാഹത്തിന് ധനസഹായം നൽകുന്നു. 2009-10 മാർച്ച് 31 നകം വിവാഹിതരാകുന്നു യോഗ്യതയുള്ള എല്ലാവരും അപേക്ഷ സമർപ്പിക്കണം. |
| 10. പട്ടികജാതിക്കുട്ടികൾക്ക് സൈക്കിളും പഠനോപകരണങ്ങളും | സ്കൂൾ അധികൃതർ അപേക്ഷിക്കണം. പി.ടി.എ. നിബന്ധനയോടെ കുട്ടികൾക്ക് ഉപയോഗിക്കുവാൻ നൽകുന്നു. |
| 11. പട്ടികജാതി വനിതകൾക്ക് 3 സെന്റ് സ്ഥലം വാങ്ങൽ | 1. സ്വന്തമായി ഭൂമി ഇല്ലാത്തവരും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുമായിരിക്കണം.<br>2. ചുരുങ്ങിയത് 3 സെന്റ് ഭൂമിയെങ്കിലും വാങ്ങണം.<br>3. വടാനപ്പിള്ളി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥലം വാങ്ങണം.<br>4. ഇപ്രകാരം വാങ്ങിയ ഭൂമിയുടെ ആധാരം 12 വർഷത്തേക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നതാണ്.<br>5. പരമാവധി ധനസഹായം 75,000 രൂപ<br>6. സർക്കാരിന്റെ വ്യവസ്ഥകൾ ആധാരത്തിൽ ഉൾക്കൊള്ളിക്കണം. |
| 12. പട്ടികജാതി വനിതസ്വയംസഹായ സംഘത്തിന് തയ്യൽ മെഷീൻ വിതരണം | എസ്.ജി.എസ്.വൈ. നിബന്ധനപ്രകാരം |
| 13. ഭവന പുനരുദ്ധാരണം | ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം. പ്രവൃത്തികൾ കഴിവതും അയൽക്കൂട്ടങ്ങൾ / എ.ഡി.എസ്. / സി.ഡി.എസ്. മുഖേന നിർവ്വഹിക്കുന്നതാണ്. |
| 14. പട്ടികജാതി തൊഴിൽ പരിശീലന പരിപാടി | 1. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരായിരിക്കണം.<br>2. പഞ്ചായത്തിൽ നിന്ന് പ്രസിദ്ധപ്പെടുത്തുന്ന വിദ്യാഭ്യാസയോഗ്യത ഉണ്ടായിരിക്കണം.<br>3. 18 വയസ് തികഞ്ഞിരിക്കണം.<br>4. പരിശീലനത്തിന് മുഴുവൻ സമയവും പങ്കെടുക്കണം. |
| 15. എസ്.സി. വാദ്യകലാസംഘത്തിന് തൊഴിലുപകരണങ്ങൾ | രജിസ്റ്റേർഡ് വാദ്യകലാസംഘത്തിന് തൊഴിലുപകരണങ്ങൾ സർക്കാർ നിബന്ധനകൾ പ്രകാരം നൽകുന്നു. |
| **തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ടുകൾ** | |
| 1. ഐ.എ.വൈ. വീട് | ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം<br>ബ്ലോക്ക് മുഖാന്തിരം നിർവ്വഹണം നടത്തുന്നു.<br>പഞ്ചായത്തിൽ നിന്ന് ബിൽഡിംഗ് പെർമിറ്റ് വാങ്ങിക്കേണ്ടതാണ്. |
| 2. പട്ടികജാതി വൃദ്ധർക്ക് ആയുർവ്വേദ മരുന്നു വിതരണം | 65 വയസ്സിന് മേൽ പ്രായമുള്ള ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടവർക്ക് |
| 3. കുടുംബശ്രീ / സ്വയംസഹായ സംഘങ്ങൾക്ക് കിടാരി വളർത്തൽ | പട്ടികജാതിയിൽപ്പെട്ട 10 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് |

തുടർച്ച പേജ് 3 ൽ

SECRETARY
VATANAPALLY GRAMA PANCHAYAT

## പട്ടികജാതി വിഭാഗക്കാർക്ക് മാത്രം

| | |
|---|---|
| 4. കുടുംബശ്രീ / സ്വയംസഹായ സംഘങ്ങൾക്ക് തൊഴിൽ പരിശീലനവും പ്രതിഷ്ഠാപനവും | കുടുംബശ്രീ/സ്വയംസഹായസംഘങ്ങൾ 10 പേരടങ്ങുന്ന ഒരു ഗ്രൂപ്പ് (എസ്.സി. ഗ്രൂപ്പ്) |
| 5. എസ്.സി. മത്സ്യത്തൊഴിലാളികൾക്ക് വീശുവല<br><br>6. പട്ടികജാതി വനിത വികലാംഗസംഘങ്ങൾക്ക് തൊഴിൽ പരിശീലനവും പ്രതിഷ്ഠാപനവും | പട്ടികജാതിയിൽപ്പെട്ട പരമ്പരാഗത മത്സ്യത്തൊഴിലാളികളും ക്ഷേമനിധിയിൽ അംഗത്വമുള്ളവരുമായ 10 പേർ അടങ്ങുന്ന രണ്ട് ഗ്രൂപ്പ് (എസ്.സി. ഗ്രൂപ്പ്)<br><br>പദ്ധതി വിഹിതവും ബാങ്ക് വായ്പയും പട്ടികജാതിയിൽപ്പെട്ട ബി.പി.എൽ. ആയ വികലാംഗവനിതകൾക്ക് (10 പേരുടെ ലിസ്റ്റ്) |
| **തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രോജക്ടുകൾ** | |
| 1. ഭൂരഹിത - ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനുമുള്ള ധനസഹായം<br>ഭൂമിയ്ക്ക് 77,000 രൂപ<br>വീടിന് 1,00,000 രൂപ | ദാരിദ്രരേഖയ്ക്ക് താഴെയായിരിക്കണം<br>പഞ്ചായത്തിൽ നിന്ന് ബിൽഡിംഗ് പെർമിറ്റ് സമ്പാദിക്കേണ്ടതാണ്. |
| 2. വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം<br>10,000 രൂപ | ദാരിദ്രരേഖയ്ക്ക് താഴെയായിരിക്കണം |
| **പട്ടികജാതി വികസന വകുപ്പ്** | |
| 1. ഭൂരഹിത - ഭവനരഹിത - പുനരധിവാസ പദ്ധതി പ്രകാരം ഭൂമി വാങ്ങൽ - 6 പേർക്ക് | 75,000 രൂപ പട്ടികജാതി വികസന ഓഫീസ് മുഖേന നടപ്പിലാക്കുന്നു. |

OFFICE OF THE VATANAPALLY GRAMA PANCHAYAT * THRISSUR-680 614 *

SECRETARY
VATANAPALLY GRAMA PANCHAYAT